# SPC പദ്ധതിയുടെ "Intellectual Marathon-2018" ജില്ലാതല ക്വിസ് മത്സരം നടത്തി

സ്റ്റുഡൻറ് പോലീസ് കേഡറ്റ് " Intellectual Marathon-2018 " പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലാതല ക്വിസ് ഫൈനൽ മത്സരം 20.01.2018 തിയ്യതി എറണാകുളം റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വച്ച് നടത്തി.

കറുകുറ്റി Star Jesus ഹൈസ്കൂൾ വിദ്യാർത്ഥികളായ ശ്രീഹരി കെ.എസ്, സ്റ്റീഫൻ ജോസ്, ആൽബിൻ ആൻറണി എന്നിവരടങ്ങിയ ടീമാണ് ഒന്നാം സ്ഥാനം നേടിയത്. ഞാറള്ളൂർ Bathlahem Diara ഹൈസ്കൂൾ, വളയൻചിറങ്ങര HSS. ഹൈസ്കൂൾ വിദ്യാർത്ഥികൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

സ്കൂൾ തലത്തിൽ നടത്തിയ മൽസരത്തിൽ നിന്നും വിജയിച്ച മൂന്ന് വിദ്യാർത്ഥികൾ വീതം ഉൾപ്പെടുന്ന 23 സ്കൂൾ ടീമുകളാണ് ജില്ലാ തലത്തിൽ മൽസരിച്ചത്.

ബഹു: ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് അവർകൾ അദ്ധ്യക്ഷത വഹിച്ച സമ്മാനദാന ചടങ്ങിൽ പ്രശസ്ത സാഹിത്യകാരൻ ശ്രീ. എം.കെ.സാനു അവർകൾ വിജയികൾക്കുള്ള ട്രോഫികളും മെഡലുകളും മൊമെൻോറകളും സമ്മാനിച്ചു.

SPC പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറായ DCRB ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. അബ്ദുൾ റാഷി പ്രസ്തുത ചടങ്ങിൽ സ്വാഗതം പറഞ്ഞു. ആലുവ അസി: എഡ്യൂക്കേഷണൽ ഓഫീസർ ശ്രീമതി ലിസ മാത്യു, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരായ ശ്രീ. വി.ജി.രവീന്ദ്രനാഥ്, ശ്രീ. എൻ.ആർ.ജയരാജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. SPC പദ്ധതിയുടെ അസി: ജില്ലാ നോഡൽ ഓഫീസറായ ശ്രീ. എ.പി.ഷാജിമോൻ നന്ദിയും പറഞ്ഞു. പ്രശസ്ത എഴുത്തുകാരനും ക്വിസ് മാസ്റ്ററുമായ ശ്രീ. പി.എസ്.പണിക്കർ ആയിരുന്നു ക്വിസ് നയിച്ചത്.

സംസ്ഥാന തല ഫൈനൽ മത്സരം ഫെബ്രുവരി 20 ന് കൊച്ചി രാജീവ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും


SPC Intellectual Marathon 2018
DISTRICT POLICE OFFICE
ERNAKULAM RURAL
ALUVA
KERALA POLICE


SPC Intellectual Marathon 2018
2018


SPC Intellectual Marathon 2018
Prof. M.K. Sanu Master
2018